SA – 544

IV Semester B.A./B.Sc./B.Com./B.C.A./B.Sc. (FAD) Examination, April/May 2015
(2011-12 and Onwards) (Freshers and Repeaters)
MALAYALAM LANGUAGE (Part – I, Paper – IV)

Time : 3 Hours Max. Marks : 100/90

*Instructions :* 1) *Q. No.* ***VII*** *only for* ***freshers.***
2) ***100*** *marks for freshers of* ***2011-12*** *and onwards.*
3) ***90*** *marks for repeaters and prior to* ***2011-12.***

I. ഏതെങ്കിലും **നാലെണ്ണം** വ്യാഖ്യാനിക്കുക. (4×5=20)

1) സാരജ്ഞർക്കു പഠിക്കുവാ, നുഡുലിപി –
ച്ചാർത്താൽ കുറിച്ചാമു നീ !

2) 'അവന്റെ കണ്ണുകൾ ഉടക്കിക്കിടക്കുന്നു .
തലപൊക്കിക്കുശലം ചോദിക്കാനവൻ മറന്നുപോയിരിക്കുന്നു'

3) 'പിറകേ വരുന്നോരാര് ? നിങ്ങളാണോ ? – യാഥാർത്ഥ്യത്തിൽ
നിറകണ്ണു തുറന്നാവൂ പൊന്നുമക്കളേ !'

4) 'മേഘനാദമായ്, വർഷമായ്, വീണ്ടുമീമണ്ണിന്റെ
രോമകൂപങ്ങളിലൂർന്നിറങ്ങാം വരൂ'

5) 'ഒരു വേതാളം ചോരയ്ക്കിളക്കും നാക്കെന്നോണം
പെരുമാറിയാ മഴു ചുഴറ്റി മേന്മേലെന്നെ'

6) 'പാഴ്ത്തോടെ കണ്ട കവിക്കുമിന്നനുപദം
ശൂന്യം പ്രതീക്ഷാവനം'

II. a) ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഒന്നര**പേജിൽ). (2×6=12)

1) 'വനരോദനം' എന്ന കവിതയുടെ സമകാലീക പ്രസക്തി.
2) 'ഹിമാലയൻ പണയം' എന്ന കവിതയ്ക്ക് ഒരാസ്വാദനം.
3) കാർത്തവീര്യനെ പരശുരാമൻ വധിക്കാനുണ്ടായ സാഹചര്യം വിവരിക്കുക.

b) ഏതെങ്കിലും **രണ്ടെണ്ണ**ത്തിന് ഉത്തരമെഴുതുക (**ഒന്നര**പേജിൽ). (2×6=12)

1) 'മഞ്ഞ് ' എന്ന കൃതിയിൽ തടാകത്തിനുള്ള പ്രാധാന്യമെന്ത് ?
2) രശ്മി വാജ്പേയി എന്ന കഥാപാത്രം.
3) സ്വന്തം ജീവിതം കുടുംബത്തിനുവേണ്ടി മാറ്റിവെച്ച കഥാപാത്രമാണ് വിമല – വിവരിക്കുക.

P.T.O.

III. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നര**പേജിൽ). **(1×15=15)**

1) പരശുരാമന്റെ ദേശസഞ്ചാരം സഞ്ചാരസാഹിത്യത്തിന് ഒരു മുതൽക്കൂട്ടാണ് – വ്യക്തമാക്കുക.

2) വരൾച്ച ബാധിച്ച പ്രകൃതിയെ 'ശാന്ത'യിൽ എങ്ങനെ വർണ്ണിച്ചിരിക്കുന്നു ?

IV. ഏതെങ്കിലും **ഒന്നിന്** ഉത്തരമെഴുതുക (**മൂന്നര**പേജിൽ). **(1×15=15)**

1) പ്രകൃതിയ്ക്കും മനുഷ്യനും തുല്യപ്രാധാന്യമുള്ള കൃതിയാണ് 'മഞ്ഞ്' – വിവരിക്കുക.

2) മനസ്സിന്റെ താഴ്വരയിൽ ഉരുകിയുറയുന്ന മഞ്ഞുകട്ടയുടെ അനുഭവമാണ് അതിലെ ഓരോ കഥാപാത്രങ്ങൾക്കും 'മഞ്ഞ്' എന്ന കൃതിയെ അടിസ്ഥാനമാക്കി വിവരിക്കുക.

V. **ഒന്നിന്റെ** ആശയം വ്യക്തമാക്കുക. **4**

1) അല്പനർത്ഥം കിട്ടിയാൽ അർദ്ധരാത്രിയിലും കുടപിടിക്കും.

2) ചങ്ങാതി നന്നായാൽ കണ്ണാടി വേണ്ട.

VI. **ഒരു** വിഷയത്തെക്കുറിച്ച് വിവരിക്കുക. **12**

1) ആഗോളതാപനം.

2) യുവജനോത്സവം.

VII. **മൂന്നിലൊന്നായി** സംഗ്രഹിക്കുക. **10**

ഇംഗ്ലീഷ് ഭ്രമം വർദ്ധിച്ചു തന്നെ വരുന്നു. ഇംഗ്ലീഷ് പഠിച്ച്, ഇംഗ്ലീഷിലൂടെ മാത്രം നേടാവുന്ന വിജ്ഞാനം സ്വായത്തമാക്കണം എന്നൊന്നുമല്ല ഭ്രമക്കാരുടെ ഉന്നം, മറിച്ച് മുൻനിരക്കാരെപ്പോലെ ഇംഗ്ലീഷ് മൊഴിയാനാവണമെന്നോ ഇംഗ്ലീഷ് മൊഴിയുന്നതിലൂടെ മുൻനിരക്കാരായി അംഗീകാരം നേടണമെന്നോ ഒക്കെയാണ്. ഈ അഭിലാഷങ്ങളുടെ ബഹിഃസ്ഫുരണമെന്നോണം കവലകൾ തോറും ഇംഗ്ലീഷ് മീഡിയം നഴ്സറികൾ പൊട്ടിമുളച്ചു കൊണ്ടിരിക്കുന്നു. സ്ക്കൂളുകളിൽ നിന്ന് മാതൃഭാഷ നിഷ്കാസനം ചെയ്യപ്പെടുന്നു. മലയാളം പറഞ്ഞു പോകുന്നവർക്കായി പുതിയ പീഡനമുറകൾ ആവിഷ്കരിക്കപ്പെടുകയും ചെയ്യുന്നു. കേരളത്തിലെ സ്ക്കൂളുകളിൽ ഇനി മലയാളം പഠിപ്പിക്കുകയേ അരുത് എന്ന് പത്രപംക്തികളിലൂടെ ആവശ്യപ്പെടാൻ പ്രമുഖരായ ചില മലയാളികൾ തന്നെ തുനിഞ്ഞിരിക്കുന്നു. ഈ മലയാള വിരുദ്ധവാദം അടുത്ത നാളുകളിൽ ശക്തിപ്പെട്ട് ഒരു പ്രസ്ഥാനമായിത്തന്നെ വളർന്നു വന്നു എന്നും വന്നേക്കാം. അതിനുമുമ്പെ, കുഞ്ഞുങ്ങളെ സ്നേഹിക്കുന്ന മാതാപിതാക്കളും നാടിനെപ്പറ്റി വിചാരപ്പെടുന്ന വിദ്യാഭ്യാസതല്പരരും പഠനമാധ്യമം എന്ന വിഷയത്തെക്കുറിച്ച് ഒരു പുനർവിചിന്തനം നടത്തേണ്ടതുണ്ട്.